**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5229** **06.02.2014-ൽ മറുപടിയ്ക്ക്**

## വയനാട് ജില്ലയിലെ സ്മൈൽ പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എം.വി.ശ്രേയാംസ് കുമാർ** | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) കായികവകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന സ്മൈൽ പദ്ധതിയിലേക്ക് നോമിനേഷൻ സ്വീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്:<br><br>1. പുതിയ കളിസ്ഥലം ഒരുക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യം. സ്ഥലം ഉടമയുടെ അനുമതി കത്ത് വേണം. ടി സ്ഥലത്തിന്മേൽ യാതൊരു വിധ ബാധ്യതയും ഇല്ലായെന്ന് ഉറപ്പു വരുത്തുകയും വേണം.<br><br>2. കളിസ്ഥലം നിർമ്മിയ്ക്കാനുദ്ദേശിക്കുന്ന പ്രദേശത്തുള്ള കുട്ടികളുടെയും, യുവാക്കളുടെയും കളിയോടുള്ള താല്പര്യവും പ്രാവീണ്യവും ടി പദ്ധതി നടപ്പാക്കുന്ന സ്ഥാപനങ്ങളിൽ കായിക അദ്ധ്യാപകന്റെ സേവനം ലഭ്യമായിരിക്കണം.<br><br>3. കായികതാരങ്ങൾക്ക് കളിസ്ഥലത്ത് വന്ന് ചേരുന്നതിനുള്ള വാഹനസൗകര്യം.<br><br>4. ജില്ലാ, സംസ്ഥാന സ്കൂൾ മത്സരങ്ങളിലും യൂണിവേഴ്സിറ്റി ഇന്റർ കോളേജിയറ്റ് മത്സരങ്ങളിലും പങ്കെടുത്ത് നേട്ടങ്ങൾ കൈവരിക്കുന്ന സ്കൂളുകളിലേയും കോളേജുകളിലേയും കളിസ്ഥലങ്ങളുടെ വികസനം.<br><br>5. കായികപരമായി വളരെയധികം നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള അംഗീകൃതക്ലബ്ബുകൾക്ക് സ്വന്തമായി സ്ഥലം ഉണ്ടെങ്കിൽ 1-ൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമാണെങ്കിൽ അത്തരം ക്ലബ്ബുകളുടെ കളിസ്ഥലങ്ങൾ |

| | | | |
|---|---|---|---|
| | | | 6. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള (സ്പോർട്സ് ഹോസ്റ്റൽ, സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, റൂറൽ ട്രെയിനിംഗ് സെന്റർ, ഡേ ബോർഡിംഗ് സ്കീം, സ്പോർട്സ് ട്രെയിനിംഗ് സെന്റർ) എന്നിവയ്ക്ക് മുൻഗണന. |
| (ബി) | വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ; | (ബി) | 2012-13 സാമ്പത്തിക വർഷം വയനാട് ജില്ലയിലെ എസ്.ജെ.എം.ജെ.എച്ച്.എസ്.എസിൽ സിന്തറ്റിക് റൺവേയോടു കൂടിയ ലോംഗ് ജംപ് പിറ്റ്, ആനപ്പാറ ജി.എച്ച്.എസ്സ്.എസ്സിൽ മൾട്ടി സ്പോർട്സ് പ്ലേ സ്പേയ്സ്, ഗവൺമെന്റ് ട്രൈബൽ ഹൈസ്കൂൾ, പോരൂർ, മാനന്തവാടിയിൽ മൾട്ടി സ്പോർട്സ് പ്ലേ സപേയ്സ് എന്നിങ്ങനെ ഈ പദ്ധതി അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക എത്രയെന്നു വ്യക്തമാക്കുമോ ? | (സി) | സ്മൈൽ പദ്ധതിയിലേക്ക് 2013-2014 സാമ്പത്തികവർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ബഡ്ജറ്റിൽ 1.50 കോടി രൂപയും കായികയുവജന കാര്യാലയത്തിൽ നിന്ന് 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ